**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 22,500/- (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ (സാധാ)നം.2065/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.24.09.2019**

---

പരാമർശം:- 1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/12/2016 ലെ എ 2-4787/2012 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 27/01/2018 ലെ എം3-27414/17 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15/10/2018 ലെ ഡി.കെ.എസ്.എ./ 420/2018/പി.റ്റി.3 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സ.ഉ. (സാധാ)നം.3680/13/തസ്വഭവ തീയതി 23/11/2010 പ്രകാരം, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ തയ്യാറാക്കിയിട്ടുള്ള എന്റെ ഗ്രാമം വെബ്പോർട്ടർ അപ്ഡേറ്റിംഗ് ഡാറ്റാ എൻട്രി, ഡാറ്റാ കളക്ഷൻ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ പ്രതിമാസം 1,500/- രൂപ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തിന് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പ്രത്യേക ഉത്തരവ് ഉണ്ടായിരിക്കേ, വികസന ഫണ്ടിൽ നിന്നും 22,500/- രൂപ ചെലവഴിച്ചതിനാണ് കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2010-11 ഖണ്ഡിക 3.2 പ്രകാരം 22,500/- രൂപ തടസ്സപ്പെടുത്തിയിട്ടുള്ളത്.

**2.** എന്നാൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് അപര്യാപ്തമായതിനാലാണ് വികസനഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കുകയും ഡി.പി.സി. അംഗീകാരത്തോടെ തുക അനുവദിക്കുകയും ചെയ്തതെന്നും ആയതിനാൽ പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

**3.** പഞ്ചായത്ത് ഭരണസമിതിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും സാധൂകരണ അപേക്ഷയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ച് തടസ്സതുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് ഡയറക്ടറും പരാമർശം (3) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെട്ടുത്തിയ 22,500/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ